COMMISSIONERATE OF EXCISE
0 1 JAN 2020
RECEIVED

**കേരള സർക്കാർ**
**സൈനിക ക്ഷേമ വകുപ്പ്**

നമ്പർ.SW[illegible]/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം: 04.11.2019

# സർക്കുലർ

വിഷയം :- സൈനിക ക്ഷേമ വകുപ്പ് - സെക്യൂരിറ്റി ജോലികൾക്ക് താല്ക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നത് കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) മുഖേന ആയിരിക്കണം എന്നത് -സംബന്ധിച്ച്.

സൂചന :- (1) 04.06.2005 ലെ സ.ഉ(എം.എസ്)നം.179/2005/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
(2) 01.10.2012 ലെ 71307/2012/പൊ.ഭ.വ നമ്പർ സർക്കുലർ.
(3) കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ 06.08.2019 ലെ 501/Proj/Qtn/22/KEXCON നമ്പർ കത്ത്.

*******

1. സൈനിക ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ), പ്രധാനമായും രാജ്യ സേവനം കഴിഞ്ഞു വരുന്ന വിമുക്തഭടന്മാരുടെ പുനരധിവാസം ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്നു. വിവിധ സർക്കാർ, സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവ സെക്യൂരിറ്റി ജോലികൾക്കായി താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ആയത് കെക്സ്കോൺ മുഖേന മാത്രമായിരിക്കണം എന്നത് സംബന്ധിച്ച് സൂചന (1), (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ചില സ്ഥാപനങ്ങൾ പ്രസ്തുത ഉത്തരവുകൾ പാലിക്കാതെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ വഴി സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സെക്യൂരിറ്റി ജോലിക്കായി താല്ക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുമ്പോൾ ആയത് കെക്സ്കോൺ മുഖേന ആയിരിക്കണമെന്ന് വീണ്ടും നിർദ്ദേശിക്കുന്നു.

4. പ്രസ്തുത വിഷയം സംബന്ധിച്ച് സൂചന (1) ലെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ വീഴ്ചയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**വേണുഗോപാൽ.പി**
**ഗവൺമെന്റ് സെക്രട്ടറി**

To,

1. എല്ലാ വകുപ്പ് മേധാവികൾ.
2. എല്ലാ ജില്ലാ കളക്ടർമാർ.
3. ഡയറക്ടർ, പബ്ലിക് ഇൻസ്ട്രക്ഷൻ.
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
5. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, തിരുവനന്തപുരം.
6. രജിസ്ട്രാർ , കേരള ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് സഹിതം)
7. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
8. എല്ലാ സർവ്വകലാശാല രജിസ്ട്രാർക്ക്.
9. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
10. മാനേജിംഗ് ഡയറക്ടർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുകൾ.
11. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
12. സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, തിരുവനന്തപുരം.
13. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
15. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ